# കാലം നമിക്കുന്ന കാല്‍ച്ചിലമ്പുകള്‍

കെ.ജി. പൗലോസ്

സ്വാതന്ത്ര്യത്തിന്റെ 40-ാം വര്‍ഷവും പ്രഥമപ്രധാനമന്ത്രി ജവഹര്‍ലാല്‍ നെഹ്രുവിന്റെ ജന്മശതവാര്‍ഷികവും സമുചിതമായി ആഘോഷിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതിന് ദല്‍ഹിയിലെ വിജ്ഞാന്‍ഭവനില്‍ 1987-ല്‍ കേന്ദ്രസര്‍ക്കാര്‍ ഒരു ഉന്നതതലയോഗം വിളിച്ചിരുന്നു. പ്രസിഡന്റ് ശ്രീ ആര്‍. വെങ്കിട്ടരാമന്‍, വൈസ്പ്രസിഡന്റ് ശ്രീ ശങ്കര്‍ദയാല്‍ശര്‍മ്മ, പ്രധാനമന്ത്രി ശ്രീ രാജീവ്ഗാന്ധി എന്നിവരാണ് യോഗത്തിന് നേതൃത്വം നല്‍കിയത്. ദേശീയൈക്യം ഊട്ടിഉറപ്പിക്കാന്‍ കൈക്കൊള്ളേണ്ട നടപടികളായിരുന്നു സമ്മേളനത്തിന്റെ അജണ്ടയിലുണ്ടായിരുന്നത്. പത്മാസുബ്രഹ്മണ്യത്തിന്റെ ഒരു നിര്‍ദ്ദേശം സാംസ്കാരികമായ ഐക്യഭാവന സൃഷ്ടിക്കുന്നതിന് നാട്യശാസ്ത്രത്തെ പ്രചരിപ്പിക്കുക എന്നതായിരുന്നു. പ്രധാനമന്ത്രി ആ നിര്‍ദ്ദേശം അപ്പാടെ അംഗീകരിക്കുകയും ദൂരദര്‍ശനിലൂടെ നാട്യശാസ്ത്രം പ്രചരിപ്പിക്കുന്നതിന് വേണ്ട നടപടികള്‍ സ്വീകരിക്കാന്‍ തീരുമാനിക്കുകയും ചെയ്തു. അതിന്റെ ഫലമാണ് ദൂരദര്‍ശന്‍ പതിമൂന്നു എപ്പിസോഡുകളിലായി പ്രക്ഷേപണം ചെയ്ത ഭാരതീയ നാട്യശാസ്ത്രം എന്ന ടെലിഫിലിം. വളരെ ലളിതമായും ആസ്വാദ്യകരമായരീതിയിലുമായിരുന്നു പത്മാസുബ്രഹ്മണ്യം അത് സംവിധാനം ചെയ്തത്. സ്വാതന്ത്ര്യാനന്തരകാലത്ത് നാട്യശാസ്ത്രത്തെ പ്രചരിപ്പിക്കുന്നതിന് നടന്ന ഏറ്റവും ബൃഹത്തും സാര്‍ത്ഥകവുമായ പരിപാടി ആയിരുന്നു അത്.

ഇതിന്റെ തുടര്‍ച്ച ആയിട്ടാണ് തൃപ്പൂണിത്തുറ സംസ്കൃത കോളേജിലെ പരീക്ഷിത്ത് സ്മാരകപ്രഭാഷണം നാട്യശാസ്ത്രത്തെപ്പറ്റി നിര്‍വഹിക്കുന്നതിന് അവരെ ക്ഷണിക്കുന്നത്. ഞാന്‍ പ്രിന്‍സിപ്പലായി ചുമതല ഏറ്റശേഷം പരീക്ഷിത്ത് തമ്പുരാന്റെ പേരില്‍ ഏര്‍പ്പെടുത്തിയതാണ് ഈ വാര്‍ഷിക പ്രഭാഷണം. 1988-ല്‍ ആദ്യപ്രഭാഷണം നടത്തിയത് ഡോ. (മിസ്സിസ്സ്) കപിലാ വാത്സ്യായനനായിരുന്നു. തുടര്‍ന്നു ഡോ. ഷെല്‍ഡന്‍ പോളോക്ക്, ഡോ. യു.ആര്‍. അനന്തമൂര്‍ത്തി. 1992-ല്‍ ആണ് പത്മാസുബ്രഹ്മണ്യം പ്രഭാഷണം നടത്തിയത്. ഒക്ടോബര്‍ 11, 12, 13 തീയതികളില്‍ നടന്ന ആ പ്രഭാഷണം Natyasastra and National Unity എന്ന പേരില്‍ സംസ്കൃതകോളേജ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നാട്യശാസ്ത്രത്തെപ്പറ്റിയുള്ള തന്റെ സങ്കല്പങ്ങള്‍ അവര്‍ അതില്‍ സംഗ്രഹിച്ചതിങ്ങനെയാണ് -

> ഭരതന്റെ നാട്യശാസ്ത്രം ഭാരതത്തിന്റെ വേദമാണ്. പൊതുവായ ഒരു ഭൗതിക - സാമൂഹിക - സാംസ്കാരിക പശ്ചാത്തലത്തിലാണ് ഇന്ത്യന്‍ നൃത്തവും സംഗീതവും നാടകവും ഭരതന്‍ ചിട്ടപ്പെടുത്തിയത്. മാര്‍ഗിയെന്ന പൊതുധാരയിലാണ് മുനി ഭാരതീയകലകളെ വിവരിച്ചത്. മാര്‍ഗിക്കു ദേശഭേദങ്ങള്‍

കല്പിച്ചുകൊണ്ടുതന്നെ, ദേശികളെ ഇണക്കുന്ന ഒരു കണ്ണി കലാലക്ഷണ ത്തിലും, സംസ്കൃതഭാഷയിലും കൂടി മുനി പണിതിട്ടു. കാശ്മീർ മുതൽ തമിഴ്നാട് വരെയുള്ള ദേശങ്ങളിലെ കലാരൂപങ്ങളും, ശില്പങ്ങളും അങ്ങനെ ഒരേകഭാവം കൈക്കൊണ്ടു. വംശശാസ്ത്രം, ഭൂമിശാസ്ത്രം എന്നിവയ്ക്കൊപ്പം അലങ്കാരശാസ്ത്രം, ശില്പശാസ്ത്രം, ഭാഷാശാസ്ത്രം എന്നിവയും നാട്യശാ സ്ത്രത്തിന്റെ സ്വഭാവം നിയന്ത്രിക്കുന്നു. വംശങ്ങൾക്കും വർഗ്ഗങ്ങൾക്കും ദേശ ങ്ങൾക്കും ഭാഷകൾക്കുമുള്ള കലാരൂപങ്ങൾക്ക് ദേശീഭേദം കല്പിക്കു മ്പോൾത്തന്നെ ഭരതൻ അവയ്ക്ക് ശാസ്ത്രനിഷ്ഠമായ ഒരൈക്യം കല്പിച്ചു. പാഞ്ചാലി, അവന്തി, ഉഡ്രമാഗധി, ദാക്ഷിണാത്യ എന്നീ ദേശഭേദങ്ങളും ഭാരതി, സാത്വതി, ആരഭടി, കൈശികി എന്നീ വൃത്തികളും കൊണ്ട് ഭാരതത്തെ ഭര തൻ ചെപ്പിലൊതുക്കി' (ഭരതനാട്യവും കുച്ചിപ്പുടിയും മോഹിനിയാട്ടവും കഥ കളിയും വടക്കൻ സംസ്ഥാനങ്ങളിലെ ആയോധന കലകളും സിക്കിം, ബംഗ്ലാ ദേശ്, ഹിമാചൽ പ്രദേശ്, തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ ദേശ ങ്ങളിലെ ഫോക്‌ലോറുകളും ഉദാഹരിച്ചുകൊണ്ട് അവയുടെ വേഷം, അല ങ്കാരം, മുദ്രകൾ, സംഗീതം, അഭിനയം തുടങ്ങിയവ ചൂണ്ടിക്കാണിച്ചാണ് പത്മ ഈ ആശയം വിവരിച്ചത്.)

'ഈ പശ്ചാത്തലത്തിലാണ് നാട്യശാസ്ത്രത്തിന് ഒരു സൂത്രഗ്രന്ഥമെന്ന നില യിൽനിന്ന് ഇന്നും പ്രസക്തമായ സാമൂഹികചിന്തകളുടെ ആകരമെന്ന നില യിലേയ്ക്ക് സ്ഥാനക്കയറ്റം കിട്ടുന്നത്. സാംസ്കാരികസമന്വയത്തിലൂടെ രാഷ്ട്രീയസമന്വയം സാധിക്കാം എന്നാണ് ഇന്നു നാം മനസ്സിലാക്കേണ്ടത്. ക്ളാസ്സിക്കൽ കലാരൂപങ്ങളെ പഴഞ്ചൻ എന്നു പറഞ്ഞ് മാറ്റിനിർത്തുകയല്ല വേണ്ടത്. മറിച്ച്, അവയുടെ ഒരു സമഗ്ര സ്വാംശീകരണത്തിലൂടെ ഭാരതത്തിന്റെ സാംസ്കാരിക ബോധത്തെ ഉണർത്തുകയാണുവേണ്ടത്. ഈ ലക്ഷ്യം നാട്യ ശാസ്ത്രം ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി ഉൾക്കൊള്ളുന്നുണ്ട്. വടക്കും തെക്കും കിഴക്കും പടിഞ്ഞാറുമുള്ള ഭാരതീയ കലകളെ സമന്വയി പ്പിക്കുന്നതിലൂടെ, ഭൂതാട്ടവും തെയ്യവും, തെരുക്കൂത്തും ദ്രൗപദിക്കൂത്തും, രാംലീലയും കൃഷ്ണലീലയും തമ്മിലുള്ള സമാനതകൾ നോക്കുക. ഇവ യൊന്നും സാമാന്യജനങ്ങളുടെ വൈകാരിക മണ്ഡലങ്ങൾക്കപ്പുറമുള്ള വിഷ യങ്ങളല്ല അവതരിപ്പിക്കുന്നത്. എന്നിട്ടും അവർ തികച്ചും അലൗകികമായ ഒരവസ്ഥയിലാണ് ഈ കലകളവതരിപ്പിക്കുമ്പോൾ പ്രതികരിക്കുന്നത്. ഇത് അവരുടെ പരമ്പരാഗത വിശ്വാസങ്ങളോട് അവർക്കുള്ള രക്തബന്ധമാണ് വ്യക്തമാക്കുന്നത്.

മൂന്നുദിവസവും ആ പ്രഭാഷണം കേട്ടശേഷം പണ്ഡിതനായ കെ.പി. നാരായണപിഷാ രടി മാസ്റ്റർ പ്രതികരിച്ചതിങ്ങനെ: 'നാട്യശാസ്ത്രത്തെപ്പറ്റി പുതിയത് പലതും ഞാനറിഞ്ഞു. നാട്യശാസ്ത്രം പരിഭാഷപ്പെടുത്തുന്നതിനുമുൻപ് ഇതൊക്കെ അറിയാൻ കഴിയാഞ്ഞതി ലുള്ള ദുഃഖമാണെനിക്ക്.'

**　　　　**　　　　**

ഒരു കലാകാരി എന്ന നിലയിൽ പത്മയ്ക്ക് ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യം അനുകൂല സാഹചര്യങ്ങളാണ്. 'ഭരതകുലങ്ങളെ'പ്പറ്റി പ്രാചീനഗ്രന്ഥങ്ങളിൽ സൂചനകളുണ്ട്. പരമ്പരയായി സംഗീത-കാവ്യ-നാടക-നൃത്താദികൾ പഠിപ്പിക്കുന്ന കുടുംബങ്ങളാണവ. അത്തരമൊരു കുടുംബത്തിലാണവർ ജനിച്ചത്. അച്ഛൻ സുബ്രഹ്മണ്യം സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളി ആയിരുന്നു. രാജാജിക്കും നെഹ്റുവിനുമൊക്കെ ഒപ്പം പ്രവർത്തിച്ച സേനാനി. തന്റെ മന്ത്രിസഭയിലേയ്ക്ക് നെഹ്റു അദ്ദേഹത്തെ ക്ഷണിച്ചതാണ്. തന്റെ രംഗം കലയാണെന്ന് തിരിച്ചറിഞ്ഞ് അദ്ദേഹം പിൻവലിഞ്ഞു. പിന്നീട് പൂർണ്ണമായും സിനിമയുടെ ലോകത്തായിരുന്നു അദ്ദേഹം. അമ്മ മീനാക്ഷി, നല്ല സംഗീതജ്ഞ. സഹോദരൻ ബാലകൃഷ്ണൻ - ഡോക്കുമെന്ററിയാണ് അദ്ദേഹത്തിന്റെ മേഖല. പത്നി ശ്യാമള - നന്നായി പാടും. മകൻ കണ്ണൻ - വീണാവിദ്വാൻ; പത്നി ഗായത്രി - നൃത്തം, സംഗീതം. മക്കൾ - മഹതി, ശ്യാം. അവരും കലാരംഗത്ത് തന്നെ.

1942-ൽ അച്ഛൻ സ്ഥാപിച്ചതാണ് നൃത്യോദയ എന്ന കലാകേന്ദ്രം - രണ്ട് പതിറ്റാണ്ടോളം അമ്മയായിരുന്നു ഡയറക്ടർ. പിന്നീട് പത്മാസുബ്രഹ്മണ്യം അതേറ്റെടുത്തു. ഈ കുടുംബാന്തരീക്ഷവും നൃത്യോദയയെന്ന സ്ഥാപനവുമാണ് തന്റെ കലാസപര്യയിൽ അവർക്ക് ഏറ്റവും അധികം ഊർജ്ജം നൽകുന്നത്. താൻ വളർന്നുവന്ന കാലത്ത് സിനിമാരംഗത്തും കലാരംഗത്തും രാഷ്ട്രീയ-ഭരണ മേഖലകളിലുമൊക്കെയുള്ള അതികായന്മാരുമായി നേരിട്ടിടപെടാൻ ഈ പശ്ചാത്തലം അവസരങ്ങളൊരുക്കി.

പുതിയ നൃത്തരൂപങ്ങളാവിഷ്ക്കരിക്കാനും നാട്യശാസ്ത്രത്തെപ്പറ്റി സാർത്ഥകമായ ഗവേഷണങ്ങൾ നടത്താനും അനുകൂലമായ അന്തരീക്ഷം ഈ സാഹചര്യങ്ങൾ സൃഷ്ടിച്ചു. നൃത്യോദയയിലൂടെ 'പദുക്ക' എന്ന് ആദരപൂർവം അവരെ വിളിക്കുന്ന അനേകം കലാകാരികളെ തന്റെ സങ്കല്പങ്ങൾക്കനുസരിച്ച് വാർത്തെടുക്കാൻ ഇതവരെ സഹായിച്ചു. ചുരുക്കത്തിൽ പുതിയൊരു നൃത്തസംസ്കാരം ഇന്ത്യയിലും പുറത്തും വളർത്തിയെടുക്കാൻ ഡോ. പത്മാസുബ്രഹ്മണ്യത്തിന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഭരത്-ഇളങ്കോ ഫൗണ്ടേഷൻ ഫോർ ഏഷ്യൻ കൾച്ചർ എന്ന സ്ഥാപനത്തിലൂടെ തന്റെ പഠന-ഗവേഷണപ്രവർത്തനങ്ങൾക്ക് കൂടുതൽ മാനം നൽകിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി 108 കരണങ്ങൾ ആലേഖനം ചെയ്ത ഭരതമുനി മ്യൂസിയം രൂപകല്പനചെയ്തുകൊണ്ടിരിക്കുകയാണവരിപ്പോൾ. ഏഷ്യയിലെ മാത്രമല്ല, ലോകത്തിലെതന്നെ കലാനുഭവങ്ങളിൽ അവിസ്മരണീയമായിരിക്കും, ഈ മ്യൂസിയം.

**　　　　**　　　　**

പത്മാ സുബ്രഹ്മണ്യത്തിന്റെ കലാലോകത്തെ ധീരമായ ഇടപെടൽ നമുക്ക് നൽകിയ പുതിയ ഉൾക്കാഴ്ചകളെ മൂന്നുതലത്തിൽ വിശകലനം ചെയ്യാം. ഒന്ന്, പാരമ്പര്യത്തെ ആധുനികതയോട് കൂട്ടിയിണക്കുന്ന കണ്ണി; രണ്ട്, പ്രയോഗവും സിദ്ധാന്തവും തമ്മിലുള്ള സമന്വയം; മൂന്ന്, ഭരതന്റെ നൃത്തകരണങ്ങളെ ശില്പമാക്കി മാറ്റിയ കലാകൗശലം.

ഭരതമുനി രചിച്ചത് നാട്യത്തിന്റെ ശാസ്ത്രമാണ്, നൃത്തം അതിന്റെ ഭാഗമായിരുന്നില്ല. പരമശിവന്റെ നിർദ്ദേശമനുസരിച്ചാണ് നൃത്തം അതിനോട് ചേർത്തത്. നാട്യമെന്നത് അഭിനയത്തിലൂടെയുള്ള അർത്ഥസംവേദനമാണ്. നൃത്തം (പൂർവ്വരംഗത്തിലെ ശുദ്ധനൃത്തം) അർത്ഥമൊന്നും ആവേദനം ചെയ്യുന്നില്ല. പിന്നെ നൃത്തത്തിന് എന്ത് പ്രസക്തി എന്നായിരുന്നു ശിഷ്യന്മാരുടെ സംശയം. മുനി പറഞ്ഞതിങ്ങനെ – 'മംഗളകരമാണ് നൃത്തം, ആഘോഷങ്ങൾക്കത് മോടികൂട്ടുന്നു. എല്ലാറ്റിനും ഉപരി, സർവ്വജനങ്ങളും സ്വതേതന്നെ നൃത്തം ഇഷ്ടപ്പെടുന്നു – 'പ്രായേണ സർവ്വലോകസ്യ നൃത്തമിഷ്ടം സ്വഭാവതഃ' – അങ്ങനെയാണ് നൃത്തം നാട്യത്തിന്റെ ഭാഗമാകുന്നത്.' അപ്പൊഴും ഭാവത്തെ സംവേദനം ചെയ്യുന്ന നൃത്തവും ഭരതന്റെ മനസ്സിലുണ്ടായിരുന്നു എന്നുവേണം കരുതാൻ. കാരണം, നാട്യശാസ്ത്രത്തെ പൂർണ്ണമായും പിൻപറ്റുന്ന കാളിദാസൻ മാളവികാഗ്നിമിത്രത്തിൽ ചേർത്തിരിക്കുന്ന നൃത്തഭാഗം ഭാവസമ്പന്നമാണ്, ഭരതോപദിഷ്ടവുമാണ്. പത്താം നൂറ്റാണ്ടോടടുപ്പിച്ച് രംഗവേദിയിൽ വലിയ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. നൃത്തത്തിനും നാട്യത്തിനുമിടയിൽ നൃത്യം എന്ന പുതിയൊരു പിരിവുണ്ടാകുന്നു. നൃത്തം – താളലയാശ്രിതം, നൃത്യം – ഭാവാശ്രിതം, നാട്യം – രസാശ്രിതം എന്ന വ്യവസ്ഥവരുന്നു. അതനുസരിച്ച് നൃത്തം രസഭാവഹീനമാണ്, നൃത്യം ഭാവാശ്രയം, നാട്യം രസാശ്രയം.

സമാന്തരമായൊരു മാറ്റം ഭാഷയുടെ രംഗത്തും വരുന്നുണ്ടായിരുന്നു. ആദ്യകാലത്തെ ഭാഷാവിധാനം സംസ്കൃതനാടകങ്ങളിൽ നമുക്ക് പരിചയമുള്ളത് തന്നെ. സംസ്കൃതം മുഖ്യം – ദേശഭേദമനുസരിച്ച് പ്രാകൃതഭാഷകൾ. സംസ്കൃതപ്രാകൃതഭാഷകൾ തമ്മിലുള്ള ബന്ധമാണ് മാർഗി – ദേശികൾ തമ്മിലുള്ളത്. നാട്യശാസ്ത്ര നിർദ്ദേശമനുസരിച്ചുള്ളത് മാർഗി, തത്തദ്ദേശങ്ങളിലുള്ളത് ദേശി. മാർഗിയിൽ മാറ്റങ്ങളുണ്ടാകില്ല, എന്നാൽ ദേശികളിൽ പ്രാദേശിക സ്വാധീനങ്ങളാൽ മാറ്റങ്ങളുണ്ടാകാം.

നാട്യവേദപ്രവൃത്തത്വാത്
മാർഗണത്വാത് മഹർഷിഭിഃ
സദ്ഭിഃ സഞ്ചാരിതത്വാച്ച
മാർഗ്ഗമാഹുരിദം ബുധാഃ

നാട്യവേദം നിർദ്ദേശിച്ചത്, മുനിമാർ അന്വേഷിച്ചത്, സജ്ജനങ്ങൾ നടന്നത് മാർഗ്ഗം. എന്നാൽ ദേശി അതല്ല.

തദേവ രുചിവൈചിത്ര്യാത്
ചിത്തരഞ്ജനകജ്ജനൈഃ
പ്രയുക്തം സ്വസ്വദേശേ യത്
തതോ ദേശീതി കീർത്തിതം

രുചിഭേദമനുസരിച്ച് ചിത്തരഞ്ജകമാംവിധം അതത് ദേശങ്ങളിൽ പ്രചരിക്കുന്നത് ദേശി. ഗീതം, വാദ്യം തുടങ്ങി എല്ലാമേഖലയിലുമുണ്ട് ഈ മാർഗീ-ദേശീഭേദങ്ങൾ. ശാസ്ത്രപ്രവൃത്തം മാർഗി, ദേശജാതം ദേശീ.

പത്താംനൂറ്റാണ്ടോടെ ദേശഭാഷകൾ വളർന്നു അധീശത്വം നേടി സംസ്കൃതത്തെ കീഴടക്കി. കലകളിലും അതുതന്നെ സംഭവിച്ചു. ദേശികളുടെ പ്രചാരം മൂലം മാർഗി ലുപ്തമായി. നൃത്തഗേയപ്രബന്ധങ്ങളായി ദേശികൾ. ഈ സംക്രമണദശയിൽ മാർഗിയുടെ വലിയൊരു പങ്കും നമുക്ക് നഷ്ടപ്പെട്ടു. ഇപ്പോൾ ചെയ്യേണ്ടത് നഷ്ടപ്പെട്ട മാർഗിയുടെ വീണ്ടെടുപ്പാണ്. അത് ദേശിക്കും ഗുണം ചെയ്യും. ഭാരതീയ നാട്യശാസ്ത്രമെന്ന ടെലിഫിലിം ഇത്തരമൊരു വീണ്ടെടുപ്പിന്റെ ആരംഭമാണ്. മാർഗി-ദേശികളുടെ സമഞ്ജസമായമേളനത്തിലൂടെയാണ് സാംസ്കാരികമായ ഐക്യം കൈവരിക്കാൻ കഴിയുക. ഒന്നുകൂടി ഓർക്കണം. നാട്യശാസ്ത്രംപോലെ ചിലപ്പതികാരവും തൊൽകാപ്യവും ഈ വീണ്ടെടുപ്പിൽ പെടണം. ഉത്തര-ദക്ഷിണ ഭേദങ്ങൾ ഇല്ലാതെയാവണം, കലയുടെ കാര്യത്തിൽ.

പ്രയോഗവും സിദ്ധാന്തവും ഒന്നിച്ചുപോകേണ്ടതാണ്. എന്നാൽ പലപ്പോഴും ആ ഐക്യം കാണാനില്ല. കാളിദാസൻ നാട്യാചാര്യനിലൂടെ ഇക്കാര്യം എടുത്തുപറയുന്നുണ്ട്. അറിവുണ്ടായാൽ പോരാ മറ്റുള്ളവരിലേയ്ക്ക് അതു പകർത്താനുള്ള പ്രയോഗനൈപുണ്യം കൂടിവേണം. പദ്മാസുബ്രഹ്മണ്യം വിദ്യാർത്ഥികൾക്കുവേണ്ടി നടത്താറുള്ള അനേകം നാട്യശാസ്ത്രശിക്ഷാക്യാമ്പുകൾ ഈ ലക്ഷ്യം വെച്ചുള്ളതാണ്.

ഗതാനുഗതികർ മാത്രമായാൽ പോരാ കലാകാരന്മാർ, ശാസ്ത്രമനുസരിച്ച് പുതിയത് സൃഷ്ടിക്കാനുള്ള സർഗ്ഗാത്മകതകൂടി അവർക്കുണ്ടാകണം.

സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നമ്മുടെ കലകൾക്ക് ഒരു ഉണർവ് ഉണ്ടായി. ഭാരതീയന്റെ സ്വത്വബോധത്തിന്റെ പ്രതീകമായി മാറി കലകൾ. ശാന്തിനികേതനും കലാമണ്ഡലവും കലാക്ഷേത്രയും ഒക്കെ രൂപപ്പെട്ടത് അങ്ങനെയാണ്. സ്വാഭാവികമായി അനേകം ദേശീരൂപങ്ങൾ മാർഗിയോട് ബന്ധപ്പെട്ട് പുതിയ ചിട്ടപ്പെടലിന് വിധേയമായിട്ടുണ്ട്. ഒഡീസി, സത്തിരിയ, മണിപ്പൂരി, കുച്ചുപുടി, കഥകളി, മോഹിനിയാട്ടം, യക്ഷഗാനം തുടങ്ങിയവ അതത് പ്രദേശങ്ങളിൽ ഇത്തരത്തിൽ പുതിയ ചിട്ടപ്പെടലിന് വിധേയമായവ ആണ്. ഭരതനാട്യം ഇതിനൊക്കെ മുൻപേ മാറ്റത്തിന് വിധേയമായിരുന്നു. സദിർ എന്നറിയപ്പെട്ടിരുന്ന ദേശീരൂപം നേരത്തെതന്നെ ഭരതനാട്യം എന്ന പേരിൽ പുതുതായി രൂപപ്പെട്ടിരുന്നു.

ഭരതനാട്യമാണ് പത്മാസുബ്രഹ്മണ്യത്തിന്റെ മേഖല. എന്നാൽ അതിനെ മാർഗിയോടു ചേർത്തപ്പോൾ വിമർശനങ്ങൾ ഉയർന്നുവന്നു. ദൽഹിയിലെ ഒരു അവതരണത്തേപ്പറ്റി ഇതു 'ഭരതനാട്യ'മല്ല 'പത്മനാട്യ' മാണ് എന്നൊരു നിരൂപകൻ പരാതിപ്പെട്ടു. തുടർന്നാണ് തന്റെ നൃത്തത്തിന് 'ഭരതനൃത്യം' എന്ന് പുതിയൊരു പേരവർ നൽകിയത്. ആംഗികസാത്വികാഹാര്യങ്ങളോടെയുള്ള അവതരണങ്ങൾക്ക് 'നൃത്യനാടകം' എന്നാണ് പറയാറുള്ളത്. ഉപരൂപഭേദങ്ങളാണവ. അതുകൊണ്ട് ഭരതനൃത്യം എന്ന പേരിന് ആധികാരികതയുണ്ട്, ഔചിത്യവും.

അവരുടെ പ്രധാനപ്പെട്ട നൃത്തങ്ങൾ കണ്ടിട്ടുള്ളവർക്ക് ഈ കാര്യം ബോദ്ധ്യപ്പെടും - അഭിനയപ്രധാനമാണവ, നൃത്തത്തേക്കാൾ നാട്യത്തോടാണവ അടുത്തുനിൽക്കുന്നത്. ഭഗവദ്ഗീത എടുക്കുക - രണ്ട് പാത്രങ്ങൾ, ശ്രീകൃഷ്ണനും അർജ്ജുനനും. പകർന്നാട്ട

മാണ്. അനേകം സൂക്ഷ്മതലത്തിലുള്ള ഭാവഭേദങ്ങൾ. ഒടുവിൽ അമ്പരപ്പിക്കുന്ന വിശ്വരൂപം. ഇതൊന്നും നമുക്ക് പരിചയമുള്ള നൃത്തത്തിന്റെ രൂപച്ചിമിഴുകളിൽ ഒതുങ്ങുന്നതല്ല.

കരണങ്ങളെ സംബന്ധിച്ച ഗവേഷണവും അവതരണങ്ങളിൽ അവയുടെ സമുചിതമായ സന്നിവേശവുമാണ്, ഒരുപക്ഷെ, പത്മാസുബ്രഹ്മണ്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന. നാട്യശാസ്ത്രത്തിൽ ഭരതൻ 108 കരണങ്ങളെ വിവരിക്കുന്നുണ്ട്. 'ചെയ്യുക' എന്നർത്ഥമുള്ള 'കൃഞ്'ധാതുവിൽ നിന്നാണ് കരണം എന്ന വാക്കുണ്ടാകുന്നത്. ഹസ്തപാദാദികളുടെ ചലനസംഘാതമാണ് കരണം. മുഖാഭിനയം, ഹസ്താഭിനയം, ചാരികൾ, മണ്ഡലങ്ങൾ, സ്ഥാനങ്ങൾ, ഗതിഭേദങ്ങൾ എന്നിവയെല്ലാം ചേർന്ന നൃത്തചലനത്തിലെ ഒരു ഏകക(unit)മായി കരണത്തെ കണക്കാക്കാം. ക്ഷേത്രങ്ങളിലെ ദേവേതരമായ ശില്പരൂപങ്ങൾ അധികവും കരണങ്ങളുടെ ആവിഷ്കാരങ്ങളാണ്. എന്നാൽ നിശ്ചലമല്ല കരണം, അതിന്റെ ചലനാത്മകതയെ തൊട്ടറിഞ്ഞു ഡോ. പത്മയിലെ കലാകാരി.

നൃത്തകരണങ്ങൾ തമിഴ്നാട്ടിലെ ക്ഷേത്രശില്പങ്ങളെ അസാമാന്യമായവിധം സ്വാധീനിച്ചിട്ടുണ്ട്. മാർഗിയുടെ പ്രാധാന്യമാണിത് വ്യക്തമാക്കുന്നത്. നൂറ്റിയെട്ടുകരണങ്ങളും മഹാരാഷ്ട്രയിലെ സിതാരയിൽ പുനഃസൃഷ്ടിക്കാൻ അവർക്കു കഴിഞ്ഞു. മാത്രമല്ല, തന്റെ നൃത്തങ്ങളിൽ സമ്യക്കായി അവരിവയെ സംയോജിപ്പിക്കുകയും ചെയ്തു.

** ** **

ഈ ഗ്രന്ഥത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. പത്മാസുബ്രഹ്മണ്യത്തിന്റെ സംക്ഷിപ്തമായ ആത്മകഥയാണ് ആദ്യഭാഗം. അവരുമായുള്ള സംഭാഷണങ്ങളിൽനിന്ന് ശ്രീ അനീഷ് സംഗ്രഹിച്ചതാണത്. ഡോ. പത്മയുടെ പ്രധാനപ്പെട്ട ചില നൃത്തങ്ങളെപ്പറ്റിയുള്ള സൂചനകളാണ് രണ്ടാംഭാഗത്തിലുള്ളത്. രാമായണം, മഹാഭാരതം, ഗീത എന്നിവയുടെ സത്ത് നൃത്തരൂപത്തിൽ അവതരിപ്പിക്കുന്നവയാണ് - രാമായ തുഭ്യം നമഃ, കൃഷ്ണായ തുഭ്യം നമഃ, ഭഗവദ്ഗീത എന്നീ നൃത്തരൂപങ്ങൾ; ഇതോടു ചെർത്തുവെയ്ക്കണം ജയജയശങ്കര എന്നതും. ആസ്വാദനം എന്നത് ധൈഷണികമായ ഒരു പ്രക്രിയകൂടിയാണെന്ന് നമ്മെ ഓർമ്മിപ്പിക്കുകയാണ് ഈ നൃത്തശില്പങ്ങൾ. ഗഹനങ്ങളായ ദാർശനികചിന്തകളും നൃത്തത്തിന്റെ ചെപ്പിലൊതുക്കാമെന്നും ഇവ നമ്മെ പഠിപ്പിക്കുന്നു. അസാധാരണമായ വൈഭവത്തോടെയാണ് ഏകാഭിനയമായി ഈ നൃത്തങ്ങൾ അവർ അവതരിപ്പിക്കുന്നത്. പ്രധാനപ്പെട്ട ചില അവതരണങ്ങൾ മാത്രമാണ് ഇവിടെ നൽകിയിരിക്കുന്നത്.

മൂന്നാം ഭാഗം പൂജ്യഗുരുവിനുള്ള പ്രണാമമാണ്. പത്മാസുബ്രഹ്മണ്യം ഇംഗ്ലീഷിലെഴുതിയതിനെ ശ്രീമതി ശ്രീകുമാരി രാമചന്ദ്രൻ ആണ് മലയാളത്തിലേയ്ക്ക് മനോഹരമായി മൊഴിമാറ്റം ചെയ്തത്.

മലയാളിക്ക് സുപരിചിതയാണ് പത്മാ സുബ്രഹ്മണ്യം. അവരെപ്പറ്റി ഇത്തരമൊരു ഗ്രന്ഥം മലയാളികൾ കാത്തിരുന്നതാണ്. പ്രതീക്ഷകൾ സഫലമാക്കിയ ശ്രീ അനീഷിനോടും പ്രസിദ്ധീകരണം ഏറ്റെടുത്ത മാതൃഭൂമിയോടും കലാസ്നേഹികൾ കടപ്പെട്ടിരിക്കുന്നു.

നൃത്തകലയ്ക്കുവേണ്ടി സമർപ്പിച്ചതാണ് അവരുടെ ജീവിതം. കലയെ പ്രണയിച്ചതുകൊണ്ട് ഒട്ടേറെ സൗഭാഗ്യങ്ങൾ അവർക്ക് ത്യജിക്കേണ്ടിവന്നിട്ടുണ്ട് - സിനിമയിലെ അവസരങ്ങൾ, അമേരിക്കൻ ഫെല്ലോഷിപ്പുകൾ... അങ്ങനെ ഒട്ടേറെ. ചോദിച്ചാൽ അവർ പറയുക, 'ഇതൊന്നും ത്യാഗമല്ല, കലയോടുള്ള സ്നേഹം മാത്രമാണെ'ന്നാണ്. ആ സ്നേഹത്തിന്, പക്ഷേ, അതിരുകളില്ല. പഴമയും പുതുമയും അതിൽ സംഗമിക്കുന്നു; സിദ്ധാന്തവും പ്രയോഗവും പരസ്പരം പുണരുന്നു; കല്പ്രതിമകൾ തളിർക്കുന്നു; നമ്മുടെ സൗഭാഗ്യം!

---

ഡോ. കെ.ജി. പൗലോസ്: അധ്യാപകൻ; പ്രിൻസിപ്പൽ, സംസ്കൃതകോളേജ്; റജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; വൈസ്ചാൻസലർ, കേരളകലാമണ്ഡലം കല്പിതസർവ്വകലാശാലാ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സിംലയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ് സ്റ്റഡിയിൽ ഫെല്ലോ ആയിരുന്നു. E-mail: kgpaulose@gmail.com, www.kgpaulose@info.com.